പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 494 — 06.02.2013 -ലെ മറുപടി

## ധർമ്മടം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ

**ചോദ്യം** — ശ്രീ. കെ. കെ. നാരായണൻ

**ഉത്തരം** — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ധർമ്മടം നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ. ടി.സി ബസ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ ; | (എ) | ദേശീയപാത 17 ലും കണ്ണൂർ-കൂത്തുപറമ്പ്-മാനന്തവാടി സംസ്ഥാന പാതയിലും ഉൾപ്പെടുന്നതാണ് ധർമ്മടം അസംബ്ലി നിയോജകമണ്ഡലം. ദേശീയപാത 17 വഴി കണ്ണൂർ യൂണിറ്റിൽ നിന്നും 8 സൂപ്പർക്ലാസ്സ് സർവ്വീസുകളും (തിരുവനന്തപുരം 03, ബാംഗ്ലൂർ 03, മധുര -01, ഊട്ടി - 01) കണ്ണൂർ- കോഴിക്കോട് ഓർഡിനറി ടൗൺ ടു ടൗൺ ചെയിൻ സർവ്വീസിൽ ഉൾപ്പെട്ട 5 ഷെഡ്യൂളു കളും ഓപ്പറേറ്റ് ചെയ്തു വരുന്നു. ആയതിൽ കോഴിക്കോട് ടൗൺ ടു ടൗൺ സർവ്വീസുകളിൽ 3 എണ്ണം ബസ്സിന്റെ കുറവ് കാരണം താൽക്കാലികമായി ക്യാൻസൽ ചെയ്തിട്ടുണ്ട്. കണ്ണൂർ മാനന്തവാടി സംസ്ഥാന പാതയിലൂടെ 5 ഷെഡ്യൂളുകൾ (മാനന്തവാടി -04, കൽപ്പറ്റ -01) ഓപ്പറേറ്റു ചെയ്യുന്നു. ധർമ്മടം അസംബ്ലി മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന 7 ഓർഡിനറി ഷെഡ്യൂളുകളും നിലവിലുണ്ട്. |
| (ബി) | മുമ്പ് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും സർവ്വീസുകൾ ഇപ്പോൾ നടത്താതിരിക്കുന്നുണ്ടോ ; | (ബി) | 7 ഓർഡിനറി സർവ്വീസുകളിൽ 2 ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഏതെല്ലാമാണെന്നും സർവ്വീസ് നടത്താതിരിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ; | (സി) | 06.45 തലമുണ്ട, 06.50 ചാലോട് എന്നീ സർവ്വീസുകൾ വരുമാനം തീരെ കുറവായതിനാൽ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (ഡി) | സർവ്വീസ് നിർത്തുന്നതിന് തൊട്ടു മുമ്പുള്ള മൂന്ന് മാസത്തിൽ ഓരോ ദിവസവും ഉണ്ടായിരുന്ന വരുമാനം പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ? | (ഡി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്